FOREST OFFICE,, QUILON

*653. [15] **Sri. K. Ramachandran :** Will the Hon'ble Minister for Forest be pleased to state.—

(*a*) the progress made on the proposal of shifting the D.F. O's. office from Quilon back to Punalur ;

(*b*) whether Government are aware that there is adequate accommodation for the office at the Punalur Palace ?

Sri. Panampilli Govinda Menon :

(*a*) The question of shifting has not been finally settled,

(*b*) The matter is being enquired into.

Sri. K. Ramachandran : How long will it take to come to a decision ?

Sri. Panampilli Govinda Menon : There is a palace at Punalur which is being used as a Camp Shed. The question of using it as D. F. O.'s Office is under investigation and the Board of Revenue is being consulted.

ശ്രീ. ഇ. പി. പൌലോസ് : ആഫീസുകൾ മാറ്റുന്നതിനു് ഗവൺമെണ്ടിന്റെ അനുവാദം ആവശ്യമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ; ഗവൺമെണ്ടു് അനുവാദത്തോടുകൂടിയാണു് മാറ്റുന്നതു്.

ശ്രീ. ഇ. പി. പൌലോസ് : ഗവൺമെണ്ടു് അനുവാദംകൂടാതെ ആഫീസു് മാറ്റിയിട്ടുള്ളതായി ഗവൺമെണ്ടിനു് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മൂവാറ്റുപുഴ ആഫീസു് മലയാറ്റൂരേക്കു് ഗവൺമെണ്ടു് അനുവാദം പ്രതീക്ഷിച്ചുകൊണ്ടു് മാറ്റിയിട്ടുണ്ടു്.

ശ്രീ. ഇ. പി. പൌലോസ് : അതുസംബന്ധിച്ചു് പരാതി വല്ലതും ഗവൺമെൻറിലേയ്ക്കു ലഭിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.മലയാറ്റൂരല്ല, മൂവാറ്റുപുഴയാണു് ആഫീസു് വേണ്ടതെന്നു് പരാതിയുണ്ടായിട്ടുണ്ടു്.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു് : കൊല്ലത്തെ ഡിവിഷൻ ഫാറസ്റ്റ് ആഫീസു് പുനലൂരിൽനിന്നും ഒരിക്കൽ മാറ്റി സ്ഥാപിച്ചതല്ലേ; പിന്നെ എന്തിനാണു് തിരിയ്ക്കെ പുനലൂക്കു് മാറ്റുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൺസർവേറ്റർ ആഫീസു് കൊല്ലത്തു സ്ഥാപിക്കാൻ ഉദ്ദേശമുണ്ടു്. അങ്ങനെ കുറച്ചുകൂടി വലിയ ഒരാപ്പീസ്സു് കൊല്ലത്തു സ്ഥാപിക്കാൻ വേണ്ടിയാണു്.

ശ്രീ. സി. വി. ജയ്യു : ഗവൺമെണ്ടു് അനുവാദം കൂടാതെ ആഫീസു് മാറ്റിയതിനു മന്ത്രിയുടെ വാക്കാലുള്ള സമ്മതമെങ്കിലും ഉണ്ടായിരുന്നോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവൺമെണ്ടനുവാദം പ്രതീക്ഷിച്ചുകൊണ്ടാണു മാറ്റിയതെന്നു് ഞാൻ നേരത്തെ പറഞ്ഞല്ലോ.

ശ്രീ. സി. വി. ജയ്യു : കൺസർവേറ്റർ ആഫീസു് കൊല്ലത്തു് മാറ്റുന്നതിനാണോ, ഡി. എഫ്. ഓ. ആഫീസു് പുനലൂക്കു മാറ്റാൻ ആലോചിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. എൻ. പി. വണ്ടിസ്സു് : ഡി. എഫ്. ഓ. ആഫീസിനു് പുനലൂർ സൌകര്യമില്ലാത്തതുകൊണ്ടല്ലേ കൊല്ലത്തേയ്ക്കു മാറ്റാൻ വിചാരിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് അതായിരുന്നു സൌകര്യമായിക്കണ്ടതു്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : അതു് അങ്ങനെ സൌകര്യമായിക്കണ്ടതു് ഇപ്പോഴും മാറ്റാതിരിക്കയല്ലേ വേണ്ടതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൊല്ലത്തുനിന്നും ഈ ആപ്പീസ്സു് മാറിയാൽ അവിടെ അതിലും വലിയ ഒരാഫീസ്സു് വരികയാണു്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : ഡി. എഫ്. ഓ. ആഫീസ്സു് കൊല്ലത്തു് ഇരിക്കുകയല്ലേ സൌകര്യം ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് അഭിപ്രായവ്യത്യാസമുള്ള മറ്റു കാര്യമാണു്.

ശ്രീ. കെ. രാമചന്ദ്രൻ : ഫാറസ്റ്റ് ഏരിയാ മുഴുവനും പുനലൂർ ആയതുകൊണ്ടു് ഓഫീസുകളും പുനലൂർ ആക്കുന്നതിനുള്ള ശ്രമിക്കേണ്ടതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അഡ്മിനിസ്ട്രേഷന്റെ സൌകര്യമനുസരിച്ചാണു് ഈ കാര്യം തീരുമാനിച്ചിട്ടുള്ളതു്.

EPIDEMICS

*654. [16] **Sri. K. Ramachandran:** Will the Hon'ble Minister for Public Health be pleased to state whether Government are aware that epidemics such as chicken-pox, small-pox, typhoid etc., are fast spreading in the country and if so what extra measures have been taken to prevent them ?

Sri. A. J. John: There is slight increase in the incidence of chicken-pox, small-pox typhoid etc., in certain places but nowhere have they assumed epidemic proportions. Intensified vaccination on a campaign basis is being continued in affected localities. Anti-Typhoid inoculation is being continued. Disinfection of infected houses and water places is being systematically carried out. All threatened areas are kept under observation. Medical Officers are given anti-typhoid inoculation to accompany typhoid cases to Hospitals. There is no incidence of Cholera and Typhoid so far.

Sri. K. Ramachandran: Are Government aware that Central Travancore is worst affected ?

Sri. A. J. John: Yes.

Sri. A. Thanu Pillai: What are the areas largely affected by small-pox and typhoid ?

Sri. A. J. John: The highest incidence reported so far has been in Thalappalli Taluk, Chittur and Thattamangalam Municipal Towns in Cochin District.

ശ്രീ. ഇട്ടീര അമ്മുക്കൻ: ടൈഫോയിഡ് രോഗികളെ സാധാരണ ഐസൊലേഷൻ വാർഡിൽ കിടത്താറില്ലെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ: ഐസൊലേഷൻ വാർഡ് ഇല്ലാത്തിടത്തു മറ്റു സ്ഥലത്തു കിടത്തും.

ശ്രീ. സി. വി. ഇത്തൂ : തലപ്പിള്ളി താലൂക്കിൽ കമ്പൽസറി വാക്സിനേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: അവിടെ വാക്സിനേഷൻ നടത്തുന്നുണ്ടു്.

PALIAM ESTATE

*655: [17] **Sri. A. M. Thomas:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) what is the total amount recoverable each year in money and in paddy for the Paliam Estate under Government management ;

(*b*) has any committee been set up for partition of the Paliam Estate ; and

(*c*) if so, has it begun to function ?

Sri. A. J. John:

(*a*) 2,25,000 paras of paddy and Rs. 1,18,000 (in round figures) including the Paliam Devaswams.

(*b*) Yes.

(*c*) Yes.

ശ്രീ. എ. എം. തോമസ് : പാലിയം എസ്റ്റേറ്റിൽ നിന്നും ആദായനികുതി ഈടാക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടെന്നാണു് അറിവു്.

ശ്രീ. എ. എം. തോമസ് : എന്തു തുക ഈടാക്കിവരുന്നുണ്ടെന്നു് പറയാമോ?

ശ്രീ. എ. ജെ. ജാൺ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. എം. തോമസ് : ആദായനികുതി വളരെ കൂടുതൽ കൊടുക്കേണ്ടിവരുന്നതുകൊണ്ടാണു് പാലിയം എസ്റ്റേറ്റിലെ മെമ്പറന്മാർ ഭാഗത്തിനപേക്ഷിച്ചിട്ടുള്ളതെന്നു് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly